(ബി) കോസ്റ്റ്ഗാർഡ് സ്റ്റേഷൻ സ്ഥാപിക്കാനായി ഇതേവരെ നടത്തിയ പ്രവർത്തനങ്ങളും, ഓരോ പ്രവർത്തിക്കും ചെലവ് ചെയ്ത തുകയും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) കോസ്റ്റ്ഗാർഡ് സ്റ്റേഷൻ എന്നേയ്ക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബേപ്പൂരിൽ കോസ്റ്റ്ഗാർഡ് സ്റ്റേഷൻ നിർമ്മിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ടി താലൂക്കിൽ ബേപ്പൂർ ദേശത്ത് സ്ഥിതി ചെയ്യുന്ന താഴെപ്പറയുന്ന സർവ്വേ നമ്പരുകളിൽപ്പെട്ടതും മത്സ്യബന്ധന വകുപ്പിന്റെ ഉടമസ്ഥതയിലുമുള്ള 3.94 ഏക്കർ ഭൂമി 24-12-2004-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 383/2004/റവന്യൂ പ്രകാരം കോസ്റ്റ്ഗാർഡ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കൈമാറി നൽകാൻ ഉത്തരവായിട്ടുണ്ട്.

റിസ.	85/2എ	0.72 ഏക്കർ
റിസ.	85/2ബി	0.51 ഏക്കർ
റിസ.	85/1എ2	1.89 ഏക്കർ
റിസ.	61/2എ1	0.82 ഏക്കർ
	ആകെ	3.94 ഏക്കർ

ടി ഭൂമി കോസ്റ്റ്ഗാർഡിന് പതിച്ചു നൽകാൻ റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

(ബി) കോസ്റ്റ്ഗാർഡ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി 3.94 ഏക്കർ സ്ഥലം പതിച്ചു നൽകാൻ റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. തുറമുഖ വകുപ്പ് ഇതിനായി തുകയൊന്നും ചെലവ് ചെയ്തിട്ടില്ല.

(സി) കോസ്റ്റ്ഗാർഡ് സ്റ്റേഷന്റെ നിർമ്മാണം സംസ്ഥാന സർക്കാരിന്റെ നിയന്ത്രണ പരിധിയിലല്ല. അതിനാൽ നിർമ്മാണം എന്നേക്ക് പൂർത്തിയാകുമെന്ന് ഇപ്പോൾ പറയാൻ സാധിക്കുകയില്ല.

രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത യോദ്ധാക്കൾക്ക് പ്രതിമാസം നൽകിവരുന്ന ധനസഹായം

84 [89] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത യോദ്ധാക്കൾക്ക് പ്രതിമാസം നൽകി വരുന്ന ധനസഹായം എത്രയാണ്;

(ബി) ഈ ധനസഹായം ഉയർത്തുവാൻ ഉദ്ദേശം ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്തിട്ടുള്ള ജവാൻമാരുടെ വിധവകൾക്ക് ധനസഹായം നൽകുമെന്ന് ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ധനസഹായം ലഭ്യമാക്കുന്നതിന് വിധവകളുടെ വരുമാന പരിധി ഇപ്പോൾ എത്രയാണ്; ഇത് ഉയർത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 300 രൂപ.

(ബി) ഉണ്ട്.

(സി) ഇക്കാര്യത്തിൽ നയപരമായ തീരുമാനം ആവശ്യമായതിനാൽ ടി വിഷയം വിശദമായി പരിശോധിച്ചുവരുന്നു.

(ഡി) വിധവകൾക്ക് ഇപ്പോൾ ധനസഹായം നൽകുന്നില്ല.

സുനാമി തിരമാലകളെക്കുറിച്ച് മുന്നറിയിപ്പു നല്കുന്നതിലുണ്ടായ വീഴ്ച

85 [90] ശ്രീ. കെ. സി. ജോസഫ്:
പ്രൊഫ. എ. ഡി. മുസ്തഫ:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. പി. ജെ. ജോയി:

,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഡിസംബർ 26-ാം തീയതി സുമാത്രയ്ക്കു സമീപം കടലിൽ പ്രകമ്പനമുണ്ടായത് എത്ര മണിക്കായിരുന്നുവെന്നാണ് റിപ്പോർട്ട്;

(ബി) അതിനുശേഷം എത്ര മണിക്കൂർ കഴിഞ്ഞാണ് കേരളത്തിൽ സുനാമി തിരമാലകൾ പ്രത്യക്ഷപ്പെട്ടത്;

(സി) തമിഴ്നാട്ടിലെ നാഗപട്ടണത്തും കന്യാകുമാരിയിലും സുനാമി തിരകൾ നാശനഷ്ടമുണ്ടാക്കുന്നത് ടെലിവിഷനുകൾ റിപ്പോർട്ട് ചെയ്തതെപ്പോഴാണ്;

(ഡി) കേരളത്തിൽ കടൽ കയറ്റമുണ്ടാകുന്ന സ്ഥലങ്ങളിൽ കടലാക്രമണ മുണ്ടാകുമെന്ന് അപ്പോൾ മുന്നറിയിപ്പു നല്കിയോ;

(ഇ) ഈ മുന്നറിയിപ്പു നല്കുവാൻ ഉത്തരവാദപ്പെട്ടവർ ആരായിരുന്നു;

(എഫ്) നാഗപട്ടണത്തും കന്യാകുമാരിയിലും നാശനഷ്ടമുണ്ടായപ്പോൾ സംസ്ഥാനത്ത് കടൽ കയറ്റമുണ്ടാകാനിടയുള്ളിടത്ത് മുന്നറിയിപ്പ് നല്കിയിരുന്നെങ്കിൽ സംസ്ഥാനത്തിനുണ്ടായ നാശനഷ്ടങ്ങൾ കുറയ്ക്കാൻ കഴിയുമായിരുന്നോ എന്നു പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly